بسم الله الرحمن الرحيم

# REVELATIONS


HAZRATH AMIRUL MOMINEEN, MUHYI-UD-DIN MUNIR AHMAD AZIM


# വെളിപാടുകൾ


ഹസ്രത്ത് അമീർ– ഉൽ മുഅ്മിനീർ മുഹ്യ് – ദ്ദീൻ – മുനീർ അഹ്മദ് അസീം


Part - I

**ഭാഗം I : അല്ലാഹുവിൽ നിന്നുള്ള വെളിപാടുകൾ**

Part - II

**ഭാഗം II : പദ്യരൂപേണയുള്ള വെളിപാടുകൾ**

Part - III

**ഭാഗം III : പദ്യരൂപേണയുള്ള വെളിപാടുകൾ**

Part - IV

**ഭാഗം IV :** 10 **മെയ്** 2010

## 09.04.2002 ൽ ലഭിച്ചത് (Received on 9.4.2002)

" നിന്നെ അപമാനിക്കുവാൻ (അപകീർത്തിപ്പെടുത്തുവാൻ) ശ്രമിക്കുന്ന ഏതൊരുവനെയും ഞാൻ അപകീർത്തിപ്പെടുത്തും"

## 13.05.2002 മഗ്രിബ് നമസ്കാരാനന്തരം ലഭിച്ചത് (Received on 13.5.2002 After Magrib Prayer)

ഏകനവനെ സ്തുതിക്കൂ, അവന്റെ നാമമാവർത്തിയ്ക്കൂ
ഏകനവനെ സ്മരിയ്ക്കൂ ഏകനവനെ മനസ്സിൽ ധ്യാനിയ്ക്കൂ
സ്തുത്യർഹനാമവന്റെ ഗുണനാമങ്ങൾ കീർത്തനമാക്കൂ.
ശരീരമായി ശാരീരമായി നാഥനാമവനെ ധ്യാനിയ്ക്കൂ
ഏകനവൻ ഏകൻ മാത്രം
നാഥനാമവൻ സർവ്വവ്യാപി

ഏകനാമവനോടുള്ള അർത്ഥനയാൽ തെറ്റുകളകന്നീടും
നമ്മൾ തൻ തനുവിൽ, മനമതിൽ വ്യാപരിച്ചിടുമവൻ ഏകനാഥൻ
ഏകനവനെ തൻ കൃപയാൽ അറിഞ്ഞീടുവിൻ

## 2000 മെയ് 10 ന് ലഭിച്ചത് (Received on 10 May 2000)

"അല്ലാഹു സത്യം താങ്കൾ എനിയ്ക്ക് എന്റെ ആത്മാവിനേക്കാൾ പ്രിയപ്പെട്ടത് അത്രേ"
(ഹസ്രത്ത് ഉമർ റ.അ)

ഞാനെന്റെ നാഥനായ അല്ലാഹുവിനോട് എനിയ്ക്ക് അവനിൽ നിന്നുള്ള ആത്മീയ പ്രകാശവും മാർഗ്ഗ ദർശനവും ലഭ്യമാകുന്നതിലേക്കായി അർത്ഥിക്കുന്നു. കാരണമെന്തെന്നാൽ അതു മുഖേന ഇസ്ലാമിന് വേിയുള്ള ഈ വിനീതന്റെ സേവനത്തിൽ ഞാനറിയാതെ പോലും ശരിയായ മാർഗ്ഗത്തിൽ നിന്നും വഴുതിപ്പോകില്ല.

## 07.05.2002 രാത്രി 9.00 ന് ലഭിച്ചത് (Received on 7.5.2002 at 9 pm)

യജമാനന്റെ ഇച്ഛ ദൈവത്തിന്റെ ഇച്ഛ തന്നെയാണ്. നമുക്ക് നമ്മുടെ നാഥനെ (സൃഷ്ടാവിനെ) നേരിൽ കാണാനാവില്ല. അതുകൊണ്ട് തന്നെ നാഥന്റെ ഇച്ഛ ആ അർത്ഥത്തിൽ തന്നെ നമുക്ക് മനസ്സിലാക്കാനും കഴിയില്ല. പക്ഷേ ഖലീഫത്തുല്ലാഹ് എന്നത് ദൈവത്തിന്റെ തന്നെ ഒരു അവതീർണ രൂപമാണ്. ആയതിനാൽ ദൈവേച്ഛ അദ്ദേഹത്തിനെ അനുസരിയ്ക്കലാണ്. അദ്ദേഹത്തെ അനുസരിച്ച് പ്രവർത്തിക്കുവാൻ നാം ഓരോരുത്തരോടും നിർബന്ധമാക്കപ്പെട്ടിരിയ്ക്കുന്നു.

ദൈവം ഇഷ്ടപ്പെടുന്ന നന്മകളെ നമ്മുടെ യജമാനൻ നമുക്ക് പഠിപ്പിച്ചു തരുന്നു. ദൈവേച്ഛയ്ക്കു കീഴ്പ്പെടുന്നവർ അനുഗ്രഹിയ്ക്കപ്പെട്ടിരിക്കുന്നു. ഞാൻ ദൂതനെ അനുസരിയ്ക്കുന്നു. അദ്ദേഹത്തിന്റെ ഇച്ഛ ദൈവേച്ഛ തന്നെയാണ്. നമുക്ക് നമ്മുടെയിടയിലേക്ക് ആഗതനായ ദൂതനെ കാണാനും, സത്യമാർഗ്ഗ (നേർമാർഗ്ഗം) ത്തെ സംബന്ധിച്ച് അന്വേഷിക്കുവാനും സാധിക്കും. ഏതൊരുവനാണോ ദൈവേച്ഛയനുസരിച്ച് വന്ന ദൂതന്റെ പാത പിന്തുടരുന്നത്. അവന് ദൈവ കൃപ ലഭിക്കുന്നതാണ്.

അങ്ങനെ അദ്ദേഹത്തിന്റെ പാത പിന്തുടരുകയും ജീവിതത്തിൽ സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നവനു നേരെ ദൈവം സഹതാപത്തോടെ തിരിയും. അവരുടെ ഹൃദയാന്തരങ്ങളിൽ ഒളിഞ്ഞിരിയ്ക്കുന്ന രഹസ്യങ്ങളെ ദൈവം തീർച്ചയായും അറിയുന്നു്. ദൈവേച്ഛയനുസരിച്ച് മാത്രമേ അവർക്ക് ഒരു തരിമ്പ് പോലും ചലിക്കാനോ പ്രവർത്തിക്കുവാനോ കഴിയുകയുള്ളൂ. പ്രവാചകേച്ഛ അംഗീകരിയ്ക്കുന്ന ഏതൊരുവനും ദൈവേച്ഛ അംഗീകരിയ്ക്കുകയാണ് ചെയ്യുന്നത്.

ദൈവത്തിന്റെ ഇംഗിതമനുസരിച്ച് ജീവിക്കുന്ന ഏതൊരുവനും അതിന്റെ പ്രതിഫലം താരതമ്യേന എളുപ്പത്തിൽ അനുഭവിയ്ക്കുന്നതിനിട വരുന്നു്. അതായത് ദൈവത്തിന്റെ ഇംഗിതത്തിലടങ്ങിയിരിക്കുന്ന മധുനുകരുവാനും അത് നമുക്ക് അനുഭവവേദ്യമാക്കുന്നതിനും ദൈവത്തിന്റെ ഖലീഫയുടെ വാക്കുകളും, പ്രവർത്തികളും നമ്മെ സഹായിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു. ദൈവം മുൻകൂട്ടി തീരുമാനിച്ചിരിക്കുന്ന ഏതൊരുവനും ആ മധു നുകരുന്നതിനും നേർ മാർഗ്ഗവും യഥാർത്ഥ സത്യവും മനസ്സിലാക്കുന്നതിനുള്ള ഭാഗ്യവും സിദ്ധിക്കുന്നു.

കാലത്തിന്റെ നേതാവിന്റെ നിർദ്ദേശങ്ങൾ മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുന്ന ഏതൊരു ഭക്തന്റെയും പ്രവർത്തികൾ യഥാർത്ഥത്തിൽ ദൈവത്തിന്റെ ഇംഗിതപ്രകാരമുള്ളത് തന്നെയാണ്. അതായത് അവനു മേൽ ദൈവത്തിന്റെ ഒരാവരണമുണ്ടാകുന്നു.

മനുഷ്യന്റെ ബുദ്ധിയും, ഇച്ഛയും പരിമിതിയുള്ളതായതിനാൽ തന്നെ അപൂർണ്ണവും, അപര്യാപ്തതകൾ നിറഞ്ഞതുമാണ്. ഇങ്ങനെ അശക്തരായ നാം ദൈവത്തിന്റെ ശാശ്വതമായ ഇംഗിതത്തിന് പൂർണ്ണതയുള്ള വിവേകത്തിനും കീഴ്പ്പെടുന്നതായാൽ നമുക്കും അനശ്വരത നേടാൻ കഴിയും.

ദൈവത്തിനു പ്രിയപ്പെട്ട ആത്മീയ മൂല്യങ്ങളെ മനസ്സിലാക്കുന്നതിനും സ്വായത്തമാക്കുന്നതിനും ഉള്ള ഏക മാർഗ്ഗം കാലത്തിന്റെ ഇമാമിനെ അറിയുക എന്നതു തന്നെയാണ്. ദൈവേച്ഛയെ അങ്ങേയറ്റം പ്രിയങ്കരമായി കരുതുന്ന അദ്ദേഹത്തിന്റെ ഇംഗിതം യഥാർത്ഥത്തിൽ ദൈവത്തിന്റെ ഇംഗിതം തന്നെയാണ്.

ദൈവത്തിന്റെ ഇംഗിതത്തിനു വഴങ്ങുക, അതിൽ തൃപ്തനായിരിക്കുന്ന ഹൃദയാന്തരാളങ്ങളിൽ അനുഗ്രഹത്തിന്റെ സൗമ്യ ഗീതങ്ങൾ ഉയരുന്ന ആൾ മാത്രമാണ് ദൈവത്തിന്റെ ഭക്ത ദാസൻ.

അല്ലയോ ശക്തനായ ദൈവമേ, എന്നെ അവിടുത്തെ കരവലയങ്ങളാൽ ചുറ്റുകയും സ്തുതിയാൽ എന്നെ അനുഗ്രഹിക്കുകയും ചെയ്യേണമേ .

കാലത്തിന്റെ ഇമാമിലൂടെയാണ് നിന്റെ ഇംഗിതങ്ങളെ ഞങ്ങൾക്ക് വെളിപ്പെടുമാറാകുന്നതും അങ്ങനെ ഞങ്ങൾ സമതുലിതാവസ്ഥ (സംതുലനം) നേടുന്നതും.

## 08.05.2002 10.45 am ന് ലഭിച്ചത് (Received on 8.5.2002 at 10.45 am)

കാലത്തിന്റെ ഇമാമിനെ (ഒരു യഥാർത്ഥ നേതാവിനെ) കണ്ടെത്തുകയും, ദൈവേച്ഛ മനസ്സിലാക്കുന്നതിലേക്കായി അദ്ദേഹത്തിനെ ആശ്രയിക്കുകയും അങ്ങനെ അദ്ദേഹം കാണിച്ചു തരുന്ന പാതയിലൂടെ നടക്കുകയും ചെയ്യുക എന്നത് ഏതൊരു ഭക്തനും നിർബന്ധമായും ചെയ്യേണ്ടതാണ്.

അദ്ദേഹത്തിന്റെ വചനങ്ങൾ ദൈവിക വചനങ്ങൾ തന്നെയും ആജ്ഞകൾ ദൈവിക ആജ്ഞകൾ തന്നെയും ആണെന്ന് ധരിച്ചുകൊള്ളുക.

അങ്ങനെ അദ്ദേഹത്തിനെ അനുസരിക്കുകയും, സേവിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും, തന്റെ ആത്മീയ മൂല്യം വർദ്ധിക്കുകയും, അത് തന്റെ ദൈവ സന്നിധിയിൽ സ്വീകാര്യമായിരിക്കുകയും ചെയ്യുന്നതുമാണ്.

തന്റെ ഉള്ളിന്റെ ഉള്ളാലെ ദൈവ ഹിതത്തെ ഉൾകൊള്ളുന്ന ഏതൊരു വ്യക്തിയും ഏതാണ്ട് ദൈവത്തിന്റെ തന്നെ സ്വരൂപമായി പരിലസിക്കും. (അതായത് അയാൾക്ക് ദൈവ മാർഗ്ഗവും, ഹിതവും വിട്ട വേറിട്ടൊരു രൂപമോ ഭാവമോ ഉണ്ടായിരിക്കുകയില്ല. അത് സംശയമന്യേ പറയാവുന്ന കാര്യമാണ്.

കാലത്തിന്റെ ഇമാമിനെ സേവിക്കുന്ന ഏതൊരു ദാസനും ദൈവത്തിനു അഭിമതനാണ്. അവർ തങ്ങളുടെ കർമ്മങ്ങളിലൂടെ തങ്ങളിലുള്ള ആത്മീയ പ്രകാശത്തെ ദൈവിക സത്തയുമായി വിലയം പ്രാപിച്ചിരിക്കുന്നു.

തന്റെ സർവ്വവും ദൈവ സന്നിധിയിൽ സമർപ്പിക്കുന്നവൻ/വൾ മാത്രമാണ് യഥാർത്ഥ ദാസൻ/ദാസി.

ദൈവ മാർഗ്ഗത്തിൽ ചരിക്കുവാൻ അവസരം ലഭിച്ചവർ ഭാഗ്യവാന്മാർ. എന്തെന്നാൽ അവർ സുരക്ഷിത മായി യാത്ര ചെയ്യുന്നവരത്രെ.

കാലത്തിന്റെ ഇമാമാണ് ആ യാനത്തിന്റെ കപ്പിത്താൻ. ദൈവ ഹിതമാണ് ആ യാനം. എങ്ങനെയതിൽ കയറിപ്പറ്റാം ഇമാമിന്റെ വചനങ്ങളിലൂടെ ദൈവ ഹിതത്തിനു വഴങ്ങുന്നതിലൂടെ ഏതൊരാൾക്കും അതിൽ കയറി അക്കരെയെത്താം. അങ്ങനെയുള്ളവൻ തീർച്ചയായും ഭാഗ്യം ചെയ്തവൻ തന്നെ.

ഒരു സന്യാസിശ്രേഷ്ടൻ തന്റെ നാഥനോട് ചോദിച്ചു. എന്റെ ദൈവമേ അങ്ങെന്നെ എത്രനാൾ കൂടി ഈ ലോകത്ത് തളച്ചിടുവാനും അതുവഴി എന്നെ, ദുരിതത്തിലാഴ്ത്തുവാനും ഉദ്ദേശിച്ചിട്ടുണ്ട്.

അപ്പോൾ ദൈവം പറഞ്ഞു. ഞാൻ എനിക്കിഷ്ടമുള്ള സ്ഥലത്തേക്ക് നിന്നെ കൂട്ടികൊണ്ടു പോകും എനിക്കിഷ്ടമുള്ളതുപോലെ നിന്നെ സംരക്ഷിക്കുകയും ചെയ്യും. നീ എന്നെ അനുസരിക്കുകയും നിശബ്ദനായി നിലകൊള്ളുകയും വേണം.

സംഭാഷണാവസാനം ആ ശ്രേഷ്ടൻ ഇങ്ങനെ പറഞ്ഞു. അല്ലയോ പ്രഭൂ, അവിടുന്ന് എന്താണോ ഞാൻ കാണണമെന്ന് ഇച്ഛിക്കുന്നത്, അതു മാത്രമേ ഞൻ കാണുന്നുള്ളൂ. എന്നെ ഈ നിലയിൽ തുടരുവാനാണ് അവിടുന്ന് ഉദ്ദേശിക്കുന്നതെങ്കിൽ ഞാൻ അങ്ങനെ തുടരുക തന്നെ ചെയ്യും. അതല്ല മറ്റേതെങ്കിലും അവസ്ഥയിലാണ് തുടരുവാനുദ്ദേശിക്കുന്നതെങ്കിൽ ഞാനങ്ങനെ തന്നെ തുടരും.

ഈ മറുപടിയിൽ ഒരു ഭക്തന്റെ സ്വാർത്ഥത വെടിഞ്ഞ മനസ്സും, ദൈവേച്ഛയിന്മേലുള്ള തികഞ്ഞ സമർപ്പണവും ദർശിക്കാനാവുന്നതാണ്. അങ്ങ് ഞാൻ അറിയണമെന്ന് ആഗ്രഹിച്ചതല്ലാതെ ഞാനെന്തറിയുന്നു. അങ്ങെന്നെ കാട്ടിയതല്ലാതെ ഞാനെന്തു കാണുന്നു. അങ്ങ് ആഗ്രഹിക്കുകയാണെങ്കിൽ ഞാനിപ്പടി തന്നെ ജീവിക്കും അതല്ല, മറ്റേതെങ്കിലും രീതിയിലാണെങ്കിൽ അങ്ങനെയും

ശാശ്വത സത്യം (അറിവ് )തേടിയുള്ള പ്രയാണത്തിൽ ദൈവം അന്വേഷിയെ കൈവെടിയുമോ ഒരിക്കലുമില്ല. അവൻ ഉള്ളിൽ നിന്നും നമ്മെ താങ്ങുന്നു. തെറ്റു വരുമ്പോൾ പുറമേ തല്ലുന്നു. അതുവഴി നമ്മുടെ സ്വത്വത്തെ എല്ലാ അശുദ്ധിയിൽ നിന്നും പരിശുദ്ധമാക്കുന്നു. അങ്ങനെയൊരവസ്ഥ വരുമ്പോൾ നമ്മുടെ ഉള്ളിലെ സംശ യങ്ങളും വിഷമങ്ങളും ഇല്ലാതാകുന്നു. നാം പരിശുദ്ധരായി തീരുകയും, മോക്ഷം പ്രാപിക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. അപ്പോൾ പരമമായ സത്യം തിരിച്ചറിയുകയും, സ്വാർത്ഥത ഇല്ലാതാവുകയും (നശ്വ രമാവുകയും) ചെയ്യുന്നു. ജനനമോ മരണമോ ഇല്ലാതാകുന്നു. പരമമായ അനുഗ്രഹവും ശാന്തിയും ലഭിക്കുക യും, യഥാർത്ഥ സങ്കേതത്തിൽ എത്തുകയും ചെയ്യുന്നു. നാം ദൈവവുമായി ലയിച്ചു ചേരുന്ന അവസ്ഥ പ്രാപിക്കുന്നു.

# SWEETNESS / മാധുര്യം

## 2002 മെയ് 18 ~ 3.30 pm (Received on May 18 2002 at 3.30 pm)

## മാധുര്യം

സൗമ്യത എന്നത് വിശാല മനസ്കത മറ്റുള്ളവരുമായി ഇടപഴകാനുള്ള ശേഷി, സംസ്കാര സമ്പന്നത മൃദു ഭാഷണം, പ്രസന്നത, ക്ഷമാശീലം എന്നീ ഗുണങ്ങളൊക്കെ സമ്മേളിക്കുന്ന ഒരു വിശിഷ്ട ഭാവമാണ്.

സൗന്ദര്യമുള്ള മുഖത്തിന് ഉടമയായ ഒരാളിൽ നല്ല ഗുണങ്ങളും, ശീലങ്ങളും കൂടി ഉണ്ടാകേണ്ടത് അനുപേക്ഷണീയമായ ഒന്നാണ്. അല്ലെങ്കിൽ ആ സൗന്ദര്യം ഒരു പ്രയോജനവുമില്ലാത്തതായി മാറുന്നു.

പ്രകൃതി രമണീയമായ ഒരു പ്രദേശത്ത് മനോഹരമായി പണിഞ്ഞ വീട്ടിൽ, പക്ഷേ താമസിക്കുന്നത് ക്രൂരമായ സ്വഭാവമുള്ളവരാണെങ്കിൽ അവിടെ പിന്നെ എന്തു സൗന്ദര്യമാണ് ശേഷിക്കുക.

ഇതു പോലെ, മറ്റൊരു തരത്തിൽ പറഞ്ഞാൽ, നിറയെ ഇലച്ചാർത്തുകളുള്ള ഒരു മരത്തിൽ ഒരു പൂവോ, കായോ പോലും ഇല്ല എങ്കിൽ ആ മരം പിന്നെന്തിനാണ്. ?

സമയം കാണിക്കാത്ത സ്വർണ്ണ വാച്ചും, പ്രകാശം നൽകാത്ത മനോഹരമായൊരു റാന്തലും പോലെ മൂല്യമില്ലാത്ത ഒന്നാവും ആ മരവും.

ഇതു പോലെ തന്നെയാണ്, ഏതൊരു മനുഷ്യനും കാണാൻ സുന്ദരനാണ്, വില കൂടിയ വസ്ത്രങ്ങളാണ് അണിഞ്ഞിരിക്കുന്നത്. പക്ഷേ മോശമായ സ്വഭാവ ശീലമുള്ളയാളും സൗമ്യനും, വിനയാന്വിതനും അല്ലാത്തതുമായ ആളുമാണെങ്കിൽ പിന്നെ അയാളിൽ എന്തു മാനുഷിക മൂല്യങ്ങളാണുള്ളത്. ?

ഒരു മനുഷ്യനെ ശരിക്കും ഒരു മനുഷ്യനാക്കി മാറ്റുന്നത് അയാളിലുള്ള മറ്റുള്ളവരുമായി ഇടപഴകാനുള്ള കഴിവും പ്രസന്നത നിറഞ്ഞ സമീപനവും മാത്രമാണ്.

തുറന്ന മനസ്സോടെ, പ്രസന്നത നിറഞ്ഞ ഹൃദയത്തോടെ മറ്റുള്ളവരെ അഭിവാദ്യം ചെയ്യുന്ന ഏതൊരാളുടെ നേരെയും ദൈവം തന്റെ കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും ചിറകുകൾ താഴ്ത്തുന്നു. വിനയം നിറഞ്ഞ സൗമ്യമായ സംഭാഷണം കേൾവിക്കാരന്റെ ഹൃദയത്തെ കീഴടക്കും. അങ്ങനെയുള്ള സംഭാഷണത്തിനുടമ അനുഗ്രഹീതൻ.

എത്ര കടുപ്പമേറിയ സാഹചര്യത്തിലായാലും, സൗമ്യമായ, മൃദുവായ, മാധുര്യമുള്ള സംസാര രീതി പാലിക്കുക. കാരണം ഈ രീതിക്ക് മൂർച്ചയേറിയ വാളുകൾ (വാക്കുകൾ) പ്രയോഗിക്കുന്നതിനേക്കാൾ ഫല പ്രാപ്തി ഉണ്ടാക്കുവാൻ കഴിയും. എല്ലായ്പോഴും, സംസാരിക്കുന്നതിനു മുന്നെ ആലോചിക്കുക. ക്ഷമിക്കാൻ പറ്റുന്ന അവസരമാണെങ്കിൽ സാമാന്യ മര്യാദയനുസരിച്ച് ക്ഷമിച്ചേക്കുക. പ്രസന്ന വദനനായ ഒരാളിൽ നിന്ന് കാഞ്ഞിരക്കുരുവാണ് വാങ്ങി കഴിക്കുന്നതെങ്കിലും അതിനുമൊരു മാധുര്യമനുഭവപ്പെടും. പക്ഷെ കടന്നൽ കുത്തേറ്റ പോലെ ദേഷ്യവും വെറുപ്പും കൊണ്ട് കനം തൂങ്ങിയ മുഖത്തോടെയിരിക്കുന്ന ഒരാളിൽ നിന്നും അമൃതാണ് വാങ്ങി കഴിക്കുന്നതെങ്കിൽ പോലും അതിന് എന്തു മധുരമാണ് തോന്നുന്നത്. ?

മനസ് ഒരു മനുഷ്യന് എപ്പോഴും ഉപദ്രവമുണ്ടാക്കാനായി കാത്തിരിക്കുന്ന ഒരു കാക്കയെപ്പോലെയാണ്. പക്ഷെ അതിൽ സ്നേഹം നിറഞ്ഞു കഴിഞ്ഞാൽ അരയന്നത്തെപ്പോലെ സൗമ്യയും ആർക്കും ഒരു ശല്യവും ചെയ്യാത്തതുമായി മാറുന്നു.

ഹൃദയമാണ് ദൈവത്തിന്റെ യഥാർത്ഥ പള്ളി. ദൈവത്തിന്റെ ക്ഷേത്രമാണത്. ഓരോരുത്തരുടേയും ഹൃദയം ഈശ്വരന്റെ (അല്ലാഹുവിന്റെ) ആവാസ കേന്ദ്രമാണ്. ഹൃദയത്തിൽ മുറിവേൽപ്പിക്കുന്ന ഏതൊരാളും ദൈവത്തിന്റെ ആലയത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്.

മറ്റുള്ളവരെ വേദനിപ്പിക്കുകയും ബദ്ധപ്പാടിലാക്കുകയും ചെയ്യുന്ന ഓരോരുത്തരും തങ്ങൾ ദ്രോഹിച്ചവരുടെ ഹൃദയങ്ങളിലെ മാത്രമല്ല തങ്ങളുടെ തന്നെ ഹൃദയങ്ങലിലെയും ദൈവീകാലയത്തെ തച്ചുടയ്ക്കുകയാണ് ചെയ്യുന്നത്.

നാം ഏതെങ്കിലുമൊരു ജീവിയെ വേദനിപ്പിക്കുകയാണെങ്കിൽ പിന്നെ എങ്ങനെയാണ് പൂർണ്ണമായും സന്തോഷവാനാകുവാൻ കഴിയുക. ഈ വസ്തുത മനസ്സിലാക്കുകയാണെങ്കിൽ, ഒരു വ്യക്തിയും ഒരു ജീവിയെയും, ജീവനുള്ളതുപോലെ തോന്നിക്കുന്ന ഒന്നിനേയും, ചുരുക്കത്തിൽ പറഞ്ഞാൽ ഒരു മനുഷ്യനേയും വേദനിപ്പിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുകയില്ല. മറ്റൊരാളെപ്പറ്റി എന്തെങ്കിലും മോശമായി ചിന്തിക്കുന്നത് പോലും പാപമാണ്. അസൂയ, വിദ്വേഷം, ശത്രുത ഇവയൊക്കെ മനസ്സ് വരുത്തുന്ന പാപങ്ങളാണ്. ക്രൂരമായ വാക്കുകൾ, മറ്റുള്ളവരെക്കുറിച്ചുള്ള പരിഹാസങ്ങൾ, അവരെ ഇകഴ്ത്തി സംസാരിക്കൽ, അവരെ മോശപ്പെടുത്തൽ ഇവയൊക്കെ സംസാരിച്ചുകൊണ്ടുള്ള (വാചാ) പാപങ്ങളും, തെറ്റായ പ്രവൃത്തികൾ ശരീരം (കർമ്മം) കൊണ്ടുള്ള പാപങ്ങളുമാവുന്നു.

പ്രസന്നവദനനായി (സുസ്മേര വദനനായി) നിങ്ങളൊരാളെ വരവേൽക്കുമ്പോൾ, നിങ്ങൾ യഥാർത്ഥത്തിൽ സന്തോഷത്തിന്റെ പൂക്കൾ വാരി വിതറുകയും, ആ വ്യക്തി അതിന്റെ സൗരഭ്യത്താൽ മൂടപ്പെടുകയുമാണ് ചെയ്യുക. അങ്ങനെയുള്ള നിങ്ങളുമായി ആരാണോ ഇടപഴകാൻ ഇടയാകുന്നത് അവരൊക്കെ നിങ്ങളിലുള്ള സന്തോഷ ത്തിന്റെ ആഹ്ലാദത്തിന്റെ പങ്കാളികളായി മാറുന്നു. നിങ്ങളുമായി കാണാനും സംസാരിക്കാനിടവരുന്ന ഏതൊരാളും തൃപ്തിയോടെയാവും മടങ്ങുക. ഒരു നിശ്ചിത സമയം ഒരു പ്രത്യേക സന്ദർഭത്തിൽ നാം സൗമ്യരായിരിക്കുന്നതി നെയാണ് നാം (വിനയം)(Politeness) എന്നു പറയുന്നത്. പക്ഷെ ഒരാൾ സദാ(Courteous) ഉപചാരശീലമുള്ള വനും മൃദു ഭാവത്തോടു കൂടിയവനും ആയിരിക്കുമ്പോൾ ആ വ്യക്തി സംസ്കാരമുള്ളവനാകുന്നു.ഈ ഗുണം ആത്മീയ കാര്യങ്ങൾക്ക് വളരെയധികം പ്രയോജനകരമായി വരുന്നു.

## TRUTHFULNESS (Received on 19.05.2002 at 10.45 pm)
## വാസ്തവികത (19.05.2002 ~ 10.45 pm ന് ലഭിച്ചത്)

ശരിയായ തരത്തിലുള്ള ശ്രദ്ധ ഉള്ളയാൾക്ക് ശരിയായ സ്വഭാവം (Conduct) ഉണ്ടാവുന്നു. അങ്ങനെയുള്ള വ്യക്തി ദൈവവുമായി സദാ സംവാദത്തിലായിരിക്കും. സത്യത്തിന്റെ വിപരീതം അസത്യമാണ്. ഒരാൾ കേട്ടതോ കണ്ടതോ ആയ കാര്യം ഇല്ല എന്നു പറയുന്നതിനെയാണ് (വ്യാജം) (False hood) എന്നു പറയുന്നത്. തെറ്റു കാണിക്കുന്ന ആളിനെ (കപടൻ) (Hypocrite) എന്നു വിളിക്കുന്നു. അങ്ങനെയുള്ള വ്യക്തി തന്റെ ആത്മാർത്ഥതാ രഹിതങ്ങളായ നയനങ്ങളാൽ കാര്യങ്ങളെ നോക്കി കാണുകയുള്ളൂ. അവയിൽ സത്യത്തിന്റെ ഒരു ലാഞ്ജന പോലും കാണുകയില്ല അയാൾ സദാ പദ്ധതികളിടുകയും ഗൂഢാലോചന നടത്തുകയും ചെയ്തു കൊണ്ടിരിക്കുകയാണ്. തന്റെ കളവ് പിടിക്കപ്പെടുമെന്ന ഭയപ്പാടിലാണവർ. തന്റെ ഒരു കള്ളം മറയ്ക്കാനായി നൂറു കള്ളം പറയുന്ന തത്രപാടിലായിരിക്കും അവർ. ഓരോരോ പദ്ധതികളിടുന്ന തിരക്കിൽപ്പെട്ട് അയാളുടെ മന സ്സമാധാനം നഷ്ടപ്പെട്ട അവസ്ഥയിലായിരിക്കും. സംശയങ്ങളും സന്ദേഹങ്ങളും അയാളുടെ കൂടെപ്പിറപ്പായിരി ക്കും. അതുകൊണ്ടു തന്നെ ഒരു മനുഷ്യനേയും അയാൾ വിശ്വാസത്തിലെടുക്കുകയേയില്ല. മറ്റുള്ളവരുമായുള്ള അയാളുടെ ബന്ധം തന്നെ സ്വാർത്ഥതയിലധിഷ്ടിതമായിരിക്കും.

ആരും അയാളെ വിശ്വാസത്തിലെടുക്കുകയില്ല. (ചതി) (Deceit) (വഞ്ചന) (fraud) (നാട്യം) (Hypocrisy) കൗശലം ഇവയായിരിക്കും അയാളുടെ ജീവിത വ്രതങ്ങൾ. ചുരുക്കിപ്പറഞ്ഞാൽ ഇങ്ങനെയുള്ള വ്യക്തി ലോകത്തിന് തന്നെ ഒരു ഭാരമായിരിക്കും. ഒരു കള്ളൻ (അസത്യം പറയുന്നയാൾ) ഒരു സത്യസന്ധനെ കണ്ടുമുട്ടുമ്പോൾ തന്നെ അവരുടെയിടയിലെ ബന്ധം ഇല്ലാതാവുന്നു.

സത്യത്തിന് സ്വന്തം കാലുകളിൽ നിൽക്കാൻ കഴിയുന്നതുപോലെ അസത്യത്തിന് ഒരുയ്ക്കലും കഴിയില്ല. സത്യസന്ധനായ ആൾ എപ്പോഴും, അചഞ്ചലനും, ക്ഷമയുള്ളവനും, തീരുമാനങ്ങളിൽ ഉറച്ചു നിൽക്കുന്നവനും ആയിരിക്കും. പക്ഷെ ഒരു അസത്യവാദി ഇതിന് നേർ വിപരീത സ്വഭാവമായിരിക്കും കാട്ടുക. സത്യസന്ധൻ നിർഭയനും, നിസ്സംശയനുമായിരിക്കുമ്പോൾ അസത്യവാദി പേടിത്തൊണ്ടനും, ഒരാളുടെയും മുഖത്തു നോക്കി സംസാരിക്കുവാൻ ധൈര്യമില്ലാത്തവനും ആയിരിക്കും. സത്യസന്ധന് ഒരിക്കലും ഒരു പേടിത്തൊണ്ടനോ അലസനോ ആയിരിക്കില്ല. സത്യസന്ധനെപ്പോഴും ഭയങ്ങളില്ലാത്തവനായിരിക്കും, കാരണം ഏതൊരു ബന്ധത്തിലും അവനൊരു അതിര് പാലിക്കുന്നതിൽ ശ്രദ്ധാലു ആയിരിക്കും. എന്നതുകൊണ്ടു തന്നെ അങ്ങനെയുള്ള ഒരാൾ ഒരിക്കലും പ്രശംസിക്കുന്നതിൽ നിന്നും, പ്രീണിപ്പിക്കുന്നതിൽ നിന്നും, മോഷ്ടിക്കുന്നതിൽ നിന്നും മറച്ചു വെയ്ക്കുന്നതിൽ നിന്നുമൊക്കെ ദൂരപ്പെട്ടു നിൽക്കുന്നവനായിരിക്കും.

ഇതിൽ നിന്നു മനസ്സിലാക്കുന്നത് സത്യസന്ധനായ ഒരാൾക്ക് ആത്മീയ വിഹായസിൽ ഉത്തുംഗ പദവികളിലെത്താൻ ഒരു പ്രയാസവുമില്ലാതെ കഴിയും എന്നതാണ്. ഉള്ളിൽ സത്യത്തിന്റെ ആഴിയുള്ളതിനാൽ അയാളിൽ നിന്നും പുറത്തു വരുന്നത് സത്യം മാത്രമായിരിക്കും. സ്വയമേവ ദൈവ വഴിയിലൂടെ നടക്കുന്നതിനൊപ്പം ആ വ്യക്തി മറ്റുള്ളവരെ ആ പാതയിലേക്ക് നയിക്കുകയും ചെയ്യും. അകമേയും പുറമേയും ദൈവീകമായ ആനന്ദ ലഹരിയിലായിരിക്കും അയാൾ. ഇങ്ങനെയൊരാളെ കിട്ടിയതിനാൽ ലോകം തന്നെ ആഹ്ലാദത്തിലാവുന്ന ഒരവസ്ഥയുണ്ടാവും.

സത്യസന്ധനായ ഒരാൾക്ക് സ്വയം തൃപ്തിയുണ്ടാവുന്നതോടൊപ്പം തന്നെ അയാൾ ദൈവത്തിന് പ്രിയപ്പെട്ടയാളുമായി മാറുന്നു. അങ്ങനെയുള്ള ഒരു യഥാർത്ഥ ഭക്തൻ സത്യത്തെ (ദൈവത്തെ) അറിയുമ്പോൾ അതുമായി താദാത്മ്യം പ്രാപിക്കുന്നു എന്നതിൽ ഒരത്ഭുതവുമില്ല.

Translated By

**FAUZIA JAMAL**
B.A (English) M.A (English) B.Ed (English)
M.Ed (English) SET (English)

**Issued by**

**R.Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**Kerala (Regd.No. A693)**
**Phone : 9447001832, 0475-2252530**
**jamal.raother@gmail.com**